# സ്വാതന്ത്ര്യ സ്മൃതിസദസ്സ്




കാരയിൽ ലാൽ ബഹാദൂർ വായനശാല ഗ്രന്ഥാലയം കേന്ദ്ര സാഹിത്യ അക്കാദമിയുടെ സഹകരണത്തോടെ സംഘടിപ്പിച്ച സ്വാതന്ത്ര്യ സ്മൃതിസദസ്സ് പ്രൊഫ. ബി. മുഹമ്മദ് അഹമ്മദ് ഉദ്ഘാടനം ചെയ്യുന്നു

**പയ്യന്നൂർ ▸** കേന്ദ്ര സാഹിത്യ അക്കാദമിയും കാരയിൽ ലാൽ ബഹാദൂർ വായനശാല ഗ്രന്ഥാലയവും ചേർന്ന് സ്വാതന്ത്ര്യ സ്മൃതി സദസ്സ് സംഘടിപ്പിച്ചു.

പ്രൊഫ. ബി. മുഹമ്മദ് അഹമ്മദ് ഉദ്ഘാടനം ചെയ്തു. കേന്ദ്ര സാഹിത്യ അക്കാദമി ഉപദേശക സമിതി അംഗം എൽ.വി. ഹരികുമാർ ആമുഖ ഭാഷണം നടത്തി. വായനശാല പ്രസിഡൻറ് അപ്പുക്കുട്ടൻ കാരയിൽ അധ്യക്ഷത വഹിച്ചു. സ്വാതന്ത്ര്യസമരത്തിൽ കെ.പി. കുഞ്ഞിരാമ പൊതുവാൾ വഹിച്ച പങ്ക് അനുസ്മരിച്ചുകൊണ്ടുള്ള പരിപാടിയിൽ, സാഹിത്യകാരൻ ചന്ദ്രശേഖരൻ തിക്കോടി മുഖ്യപ്രഭാഷണം നടത്തി.

പയ്യന്നൂർ താലൂക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറി കെ. ശിവകുമാർ, കവി പ്രസാദ് കാക്കശ്ശേരി, എഴുത്തുകാരി വിജയലക്ഷ്മി നാരായണൻ, വി. രതീശൻ, വി.പി. സന്തോഷ് എന്നിവർ സംസാരിച്ചു.